**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 251** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് -19 ചികിത്സാകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജക മണ്ഡലത്തിൽ ഒന്നാം തലത്തിലും രണ്ടാം തലത്തിലും ആയി എത്ര കോവിഡ്-19 ചികിത്സാകേന്ദ്രങ്ങൾ നിലവിലുണ്ട് ; പഞ്ചായത്ത് , മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ; | (എ) | പിറവം നിയോജക മണ്ഡലത്തിൽ 2 കോവിഡ്-19 ചികിത്സാ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. 1. പിറവം താലൂക്ക് ആശുപത്രി - പിറവം മുനിസിപ്പാലിറ്റി 2. രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രം - പഞ്ചായത്ത് - രാമമംഗലം |
| (ബി) | 2021 ജനുവരി ഒന്നുമുതൽ നാളിതുവരെ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും ചികിത്സ സ്വീകരിച്ച എത്ര കോവിഡ് -19 രോഗികൾ രോഗ മുക്തരായി എന്നും ചികിത്സയിലിരിക്കെ എത്ര പേർ മരണപ്പെട്ടു എന്നും അറിയിക്കുമോ? | (ബി) | പിറവം താലൂക്ക് ആശുപത്രിയിലെ കോവിഡ് ട്രീറ്റ്മെന്റ് സെന്ററിൽ 2021 ജനുവരി 1 മുതൽ 2021 ജൂൺ 3 വരെ 82 പേർ ചികിത്സ തേടി. അതിൽ 66 പേർ രോഗമുക്തി നേടുകയും, 2 പേർ മരണപ്പെടുകയും ചെയ്തു. നിലവിൽ ചികിത്സയിൽ ഉള്ളവർ 14 പേരാണ്. രാമമംഗലം സാമൂഹികാരോഗ്യ-കേന്ദ്രത്തിലെ CFLTC യിൽ ആകെ 55 പേർ ചികിത്സ തേടിയതിൽ 51 പേർ രോഗമുക്തി നേടുകയും 4 പേർ മരണപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ